# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 786

28.02.2018-ലെ മറുപടി

## വാട്ടർ അതോറിറ്റി മീറ്ററുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.റോജി.എം.ജോൺ | | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കേരള വാട്ടർ അതോറിറ്റി ശരിയായരീതിയിൽ പ്രവർത്തിക്കുന്നില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മികവുറ്റ തരത്തിൽ ജല അതോറിറ്റി പ്രവർത്തിക്കുന്നുണ്ട്. എന്നാൽ പദ്ധതിയുടെ ജലസ്രോതസ്സിൽ നിലനിൽക്കുന്ന പ്രാദേശികമായ തർക്കങ്ങൾ, ലീക്കുകൾ പരിഹരിക്കുന്നതിനും പൈപ്പുകൾ സ്ഥാപിക്കുന്നതിനും ലഭ്യമാകേണ്ട റോഡ് കട്ടിംഗ് അനുമതിയിൽ ഉണ്ടാകുന്ന കാലതാമസം, മറ്റു വകുപ്പുകളിൽ (റെയിൽവേ, വനം വകുപ്പ്) നിന്ന് ലഭ്യമാകേണ്ട അനുമതികളിലെ കാലതാമസം, വിവിധ ഏജൻസികളിൽ നിന്നുള്ള കേസുകൾ, ഫണ്ടിന്റെ അപര്യാപ്തത, ജീവനക്കാരുടെ കുറവ്, സ്വകാര്യ വ്യക്തികളിൽ നിന്നും മറ്റ് വകുപ്പുകളിൽ നിന്നും വിവിധ പ്രോജക്ടുകളിലേയ്ക്ക് ആവശ്യമായ സ്ഥലം ലഭിക്കുന്നതിന് ഉണ്ടാകുന്ന കാലതാമസങ്ങളും തർക്കങ്ങളും എന്നിവ കേരള വാട്ടർ അതോറിറ്റിയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. |
| (ബി) മീറ്റർ തകരാറുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്തതിനാലും മാറ്റി സ്ഥാപിക്കാതിരിക്കുന്നതിനാലും വാട്ടർ അതോറിറ്റിക്ക് നഷ്ടം സംഭവിക്കുന്നുണ്ടോ;<br><br>(സി) പ്രസ്തുത പ്രതിസന്ധി പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) & (സി) | ഇ-അബാക്കസ് എന്ന ബില്ലിംഗ് സോഫ്റ്റ് വെയർ വന്നതിനുശേഷം ദ്വൈമാസ ബില്ലിംഗ് സംവിധാനം കാര്യക്ഷമമായതിനാൽ മീറ്റർ തകരാറുകൾ ശ്രദ്ധയിൽപ്പെട്ടാലുടൻ തന്നെ യഥാസമയം മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാറുണ്ട്. മീറ്റർ റീഡിംഗ് എടുക്കുന്ന സമയത്ത് മീറ്റർ കേടായതായി ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ ഉപഭോക്താവിന് ആ വിവരം നൽകുന്നതിനായി നോട്ടീസ് നൽകുകയും നോട്ടീസ് കൈപ്പറ്റി 2 മാസത്തിനകം മീറ്റർ പുന:സ്ഥാപിച്ചില്ലായെങ്കിൽ 2-ാം മാസം മുതൽ 25%, തുടർന്നും മാറ്റിയില്ലായെങ്കിൽ 50%, 100% എന്നീ നിരക്കിൽ സർച്ചാർജ്ജും ഈടാക്കുന്നതാണ്. 6 മാസത്തിനുള്ളിൽ മീറ്റർ മാറ്റി സ്ഥാപിക്കാത്ത പക്ഷം പ്രസ്തുത കണക്ഷൻ വിച്ഛേദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുവരുന്നു. |

സെക്ഷൻ ഓഫീസർ